## പ്രതിരോധ നിയന്ത്രണ സെല്ലിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ

55 (6760) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ച വ്യാധികൾ കണ്ടെത്താനും മുൻകരുതൽ നടപടി സ്വീകരിക്കുന്നതിനുമായി പ്രവർത്തിക്കുന്ന പ്രതിരോധ നിയന്ത്രണ സെല്ലിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ തസ്തിക ഇല്ലാതാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തന ഫണ്ട് 40 ലക്ഷത്തിൽനിന്നും 20 ലക്ഷമായി വെട്ടിച്ചുരുക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സെല്ലിന്റെ ഘടനയും സെൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളും വിശദമാക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത സെല്ലിനായി അനുവദിച്ച തുക പൂർണ്ണമായും ചെലവാകാത്തതിനാലാണ് ഈ സാമ്പത്തികവർഷം അത്രയും തുക അനുവദിക്കാത്തത്.

(സി) പ്രസ്തുത സെല്ലിൽ നിലവിൽ ഒരു സംസ്ഥാനതല കോ-ഓർഡിനേറ്ററും, ഒരു ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറും മറ്റു ചില താൽക്കാലിക ജീവനക്കാരും പ്രവർത്തിച്ചുവരുന്നു. പകർച്ചവ്യാധികൾ സംബന്ധിച്ച വിവരശേഖരണമാണ് നിലവിൽ ഈ സെല്ല് നടത്തിവരുന്ന പ്രധാന പ്രവർത്തനം.

## അനസ്തേഷ്യാ ടെക്നീഷ്യൻ

56 (6761) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ അനസ്ത്യേഷ്യ ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികയുടെ നിയമന യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) അനസ്ത്യേഷ്യ ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ്, ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ കോഴ്സിന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly